ട്ടുണ്ട്. വിവിധ കോടതികളിൽ നിന്നും അനുകൂലമായ വിധി ലഭിച്ച വ്യക്തികൾക്ക് 639 കേസ്സുകളിലായി 4581.61 ഹെക്ടർ വനഭൂമി 1973 മുതൽ 1998 വരെയുള്ള കാലയളവിൽ തിരികെ നൽകിയിട്ടുണ്ട്. കോടതി വിധി ഉണ്ടായിട്ടുള്ള 1066 കേസ്സുകളിൽപ്പെട്ട 5350.03 ഹെക്ടർ നിക്ഷിപ്ത വനഭൂമി ഇനിയും വിട്ടു കൊടുക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഒന്നേകാൽ വർഷക്കാലയളവിൽ സ്ഥലം വിട്ടുകൊടുക്കാനുള്ള ഉത്തരവുകളൊന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഇപ്രകാരം വിട്ടുകൊടുക്കേണ്ടതായ ഭൂമിയും വിട്ടുകൊടുത്തതിൽ പാരിസ്ഥിതിക-ജൈവ വൈവിദ്ധ്യമൂല്യങ്ങളുമുള്ള ഭൂമികളും നഷ്ടപരിഹാരം കൂടാതെ സർക്കാരിൽ നിക്ഷിപ്തമാകുന്നതിനായി കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയാസ്) എന്ന പേരിൽ ഒരു നിയമനിർമ്മാണം നത്തുന്നതിനുള്ള നടപടി ധൃതഗതിയിൽ നടന്നുവരുന്നു. വനം കൊള്ളക്കാരും സർക്കാർ വക്കീലൻമാരും ചേർന്ന് ഒരു മാഫിയാ സംഘം വനഭൂമി നഷ്ടപ്പെടുത്തുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്നുവെന്ന് മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അതു പരിശോധിച്ചുവരുന്നു. ഇതിന് ആധാരമായി തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയാസ്) എന്ന നിയമം പ്രാബല്യത്തിൽ വരുന്നതോടെ കോടതി വിധിമൂലം വിട്ടുകൊടുക്കേണ്ടതായ 5350.03 ഹെക്ടർ നിക്ഷിപ്തവനഭൂമിയും നഷ്ടപ്പെട്ട പാരിസ്ഥിതിക മൂല്യങ്ങളുള്ള വനപ്രദേശങ്ങളും സർക്കാർ അധീനതയിലാകുന്നതാണ്.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, സുപ്രീംകോടതിയിലും കേരളത്തിന് വെളിയിലുള്ള വിവിധ ഹൈക്കോടതികളിലും വനം സംരക്ഷിക്കുന്നതിന് ശക്തമായ ചില വിധികളുണ്ടായിട്ടുണ്ട്. 1980 മുതൽ കേരളാ ഹൈക്കോടതിയിലുണ്ടായിട്ടുള്ള വനം സംബന്ധമായ എല്ലാ കേസുകളിലും വനംകയ്യേറ്റക്കാർക്ക് അനുകൂലമായിട്ടാണ് വിധിയുണ്ടായിരിക്കുന്നത്. ഇങ്ങനെ നഷ്ടപ്പെട്ടുപോയ വനഭൂമി വീണ്ടെടുക്കാനും ഇങ്ങനെ നടന്ന കേസുകൾ സംബന്ധിച്ച് സുപ്രീംകോടതി ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാനും വനം സംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് സുപ്രീംകോടതിയിലുള്ളതുപോലെ ഹൈക്കോടതിയിൽ ഒരു ഗ്രീൻ ചാനൽ ഉണ്ടാക്കുന്നതിനും സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. സി.കെ. നാണു : സംസ്ഥാന ഗവൺമെന്റിന്റെ നയമെന്നുപറയുന്നത് വനം സംരക്ഷിക്കുക എന്നുള്ളതാണ്. കഴിഞ്ഞ കാലത്ത് സർക്കാരിന്റെ വനംവകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും മേഖലയിൽ അതിനു വിരുദ്ധമായി എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് സത്വരമായ നടപടികൾ വനം സംരക്ഷണത്തിനുവേണ്ടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ഇന്ന് 12.00 മണിക്ക് കൂടാൻ നിശ്ചയിച്ചിരുന്ന ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ മീറ്റിംഗ് 12.30-ന് ആകാം. നാളെ പറ്റില്ല. ഇന്നത്തെപ്പോലെ ഫ്രീ ടൈം നാളെ കിട്ടുകയില്ല. അതുകൊണ്ട് ഇന്ന് കൂടുന്നതാണ് നല്ലത്.

(2) എല്ലാ ഹൈസ്കൂളുകളിലും ഹയർസെക്കണ്ടറി കോഴ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ : സർ, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

കാത്തുനിൽക്കുന്ന വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും ആശങ്കയിലാക്കിയിരിക്കുന്ന അതീവഗുരുതരമായ ഒരു പ്രശ്നത്തിലേയ്ക്കാണ് നിയമസഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 979 സർക്കാർ ഹൈസ്കൂളും 1397 പ്രൈവറ്റ്-എയിഡഡ് സ്കൂളുകളും 220 പ്രൈവറ്റ് അൺ എയിഡഡ് സ്കൂളുകളും പ്രവർത്തിച്ചു വരുന്നുണ്ട്. മൊത്തം 2596 സ്കൂളുകളിൽ 16,04,815 വിദ്യാർത്ഥികൾ പഠിക്കുന്നു. പത്താം ക്ലാസ്സിൽ മാത്രമായി 4,53,521 കുട്ടികൾ പഠിക്കുന്നുണ്ട്. ഈ പ്രാവശ്യം എസ്.എസ്.എൽ.സി. പരീക്ഷാഫലം പുറത്തു വരുമ്പോൾ 50 ശതമാനത്തിൽ അധികം കുട്ടികൾ എങ്ങനെയായാലും പാസ്സാകും. നമ്മുടെ സംസ്ഥാനത്തെ വിവിധ കോളേജുകളിലായി 1187 ബാച്ചുകളിലായി 94,960 സീറ്റുകളാണ് പ്രീഡിഗ്രിക്ക് ഉണ്ടായിരുന്നത്. ഇതിൽ 435 ബാച്ചുകളും 34,800 സീറ്റുകളും ഇതിനോടകം വേർപെടുത്തുകയുണ്ടായി. 752 ബാച്ചുകളും 60,160 സീറ്റുകളും ആണ് ഇപ്പോൾ പ്രീഡിഗ്രിക്ക് കോളേജുകളിൽ നിലനിൽക്കുന്നത്. ഇതിനോടകം നമ്മുടെ സംസ്ഥാനത്ത് 256 സർക്കാർ സ്കൂളുകളിലും 260 എയിഡഡ് സ്കൂളുകളിലും 12 അൺ എയിഡഡ് സ്കൂളുകളിലും പ്ലസ് ടു കോഴ്സുകൾ അനുവദിച്ചു. 12 അൺ എയിഡഡ് സ്കൂളുകളിൽ ആറെണ്ണം മലപ്പുറം ജില്ലയിൽ ഏരിയ ഇന്റൻസീവ് സ്കീം അനുസരിച്ച് ന്യൂന പക്ഷ സമുദായങ്ങളിലെ പെൺകുട്ടികൾക്കുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ചതാണ്. 1990-91 കാലയളവിൽ കഴക്കൂട്ടം അൽ-ഉദ്മാൻ സ്കൂളിലും തൃശ്ശൂർ ജില്ലയിലെ വടക്കേക്കാട് ഐ.സി.എ.ഇ.എം. സ്കൂളിലുമാണ് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചത്. ഈ ഗവൺമെന്റിന്റെ കാലത്ത് കേരളാ ഹൈക്കോടതിയുടെ ഉത്തരവിനെ മാനിച്ചുകൊണ്ട്, സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ (പള്ളുരുത്തി), ദാർ-ഉൽ ഉലമ, (പുല്ലോപ്പടി), സെന്റ് ഫ്രാൻസിസ് ഗേൾസ് ഹൈസ്കൂൾ (ആലുവ), സീതിഹാജി മെമ്മോറിയൽ ഓക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ (ഇടക്കഴിയൂർ) എന്നീ നാല് അൺ എയ്ഡഡ് സ്കൂളുകളിലാണ് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചത്. അതിനുപുറമേ ഗൾഫ് രാജ്യങ്ങളിൽ, യു.എ.ഇ.-യിൽ എട്ട് സ്കൂളുകളും ഖത്തറിൽ ഒരു സ്കൂളും പ്രവർത്തിക്കുന്നു. ഈ സ്കൂളുകളിലൊക്കെ ഗവൺമെന്റ് പ്ലസ് ടു അനുവദിച്ചുവെങ്കിലും ഓരോ സമുദായത്തിനും സ്കൂളുകൾ ധാരാളമുണ്ട്. കേരളത്തിലുള്ള എല്ലാ സമുദായങ്ങൾക്കും ഇതിൽ ആക്ഷേപമാണ്. ഈ ആക്ഷേപം പരിഹരിക്കാൻ ഇവിടെ അനുവദിച്ചിരിക്കുന്ന സ്കൂളുകൾ ഏതൊക്കെ സമുദായത്തിന്റെ മേൽനോട്ടത്തിൽ, ഏതൊക്കെ സമുദായങ്ങൾ നടത്തുന്നു, അങ്ങനെയുള്ള എത്ര സ്കൂളുകൾ ഈ സംസ്ഥാനത്തുണ്ട് എന്നതിന്റെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ? ഏതൊക്കെ സമുദായത്തിന് എവിടെയെല്ലാം സ്കൂളുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താൻ അങ്ങ് തയ്യാറുണ്ടോ? എല്ലാ സമുദായങ്ങൾക്കും എല്ലാ വിഭാഗങ്ങൾക്കും ഇത് ആക്ഷേപകരമാണ്. പത്താം ക്ലാസ്വരെ വിദ്യാഭ്യാസം നടത്തുന്ന എല്ലാ സ്കൂളുകളിലും പന്ത്രണ്ടാം ക്ലാസ് വിദ്യാഭ്യാസം തുടങ്ങണമെന്നുള്ള ഇന്ത്യയിലെ ദേശീയ വിദ്യാഭ്യാസ നയം അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? തയ്യാറുണ്ടെങ്കിൽ അൺ എയിഡഡ് സ്കൂളുകളെ എന്തിനാണ് മാറ്റിനിർത്തുന്നത്? നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന ഈ സ്കൂളുകളെ മാറ്റിനിർത്തുന്നത് അനീതിയാണ്. സ്വാഭാവിക നീതിക്ക് നിരക്കാത്തതാണ്. ഗവൺമെന്റിന്റെ സമീപനമെന്താണ്? ഈ വർഷം സംസ്ഥാനത്തെ സർക്കാർ, പ്രൈവറ്റ്, എയിഡഡ്, അൺ എയിഡഡ് സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ തുടങ്ങുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 17.2.2000 ത്തിന് ഇറക്കിയ വിജ്ഞാപനത്തിന്റെ പകർപ്പ് എന്റെ കയ്യിലുണ്ട്. 299-ാം നമ്പർ വിജ്ഞാപനമാണ്. 299-ാം നമ്പർ വിജ്ഞാപനമനുസരിച്ച് ആപ്ലിക്കേഷൻ വിളിച്ചിരിക്കുകയാണ്. ഗവൺമെന്റ് സ്കൂളുകളിലേയും എയ്ഡഡ് റെക്കഗ്നൈസ്ഡ് സ്കൂളുകളി

LIBRARY ARCHIVES Kerala Legislative Assembly

ലേയും മാനേജർമാരും ബന്ധപ്പെട്ടവരും 100 രൂപ ചെലാൻ അടച്ച് 6.3.2000-നു മുമ്പ് സ്കൂളുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. 299-ാം നമ്പർ നോട്ടിഫിക്കേഷൻ അനുസരിച്ച് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഇന്നാണ്. ഞാൻ മനസ്സിലാക്കുന്നത് 220 അൺഎയ്ഡഡ് സ്കൂളുകൾ ഈ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിൽ നല്ല നിലവാരം പുലർത്തുന്ന ഒട്ടേറെ സ്കൂളുകളുണ്ട് എന്നാണ്. സ്വന്തമായി കെട്ടിടം പണിത് പ്ലസ് ടു കോഴ്സ് തുടങ്ങാനുള്ള അനുമതിക്കുവേണ്ടി കാത്തിരിക്കുന്ന സ്കൂളുകളുണ്ട്. നമ്മുടെ സംസ്ഥാനം സാമ്പത്തികമായി കടക്കെണിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സർക്കാർ സ്കൂളുകൾക്കും എയ്ഡഡ് സ്കൂളുകൾക്കും പുതിയ കോഴ്സുകൾ തുടങ്ങാൻ അനുവാദം കൊടുക്കണം. ധനകാര്യവകുപ്പും കേരള സംസ്ഥാന ഖജനാവും ഫണ്ട് സ്വരൂപിക്കാൻ വളരെ വിഷമിക്കുന്ന സാഹചര്യത്തിൽ സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയുമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾ കൊടുക്കാൻ കഴിയും. ഇത് നോട്ടിഫൈ ചെയ്ത പ്രകാരം കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറില്ലെന്നും അങ്ങനെ പ്ലസ് ടു കോഴ്സുകൾ അൺഎയ്ഡഡ് സ്കൂളുകളിൽ കൊടുക്കേണ്ടതില്ലെന്നും ഇടതുപക്ഷ മുന്നണി തീരുമാനിച്ചതായി സഖാവ് വി.എസ്. അച്ചുതാനന്ദന്റെ ഒരു പ്രസ്താവന വായിക്കുവാനിടയായി. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള നിയമം അങ്ങേയ്ക്കറിയാം. സുപ്രീംകോടതിയുടെ വിധി എന്താണ്? നമ്മുടെ വിദ്യാഭ്യാസ ചട്ടമനുസരിച്ച് പ്രവർത്തിക്കുന്ന എയ്ഡഡ്, അൺഎയ്ഡഡ്, സർക്കാർ അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റൽ സ്കൂളുകളേയോ കോളേജുകളേയോ വേർതിരിച്ചു കാണുന്നത് സ്വാഭാവികനീതിക്കു വിരുദ്ധമാണ്. നിയമ നിഷേധമാണ് എന്ന് സുപ്രീം കോടതി വിധിയുണ്ട്. കേരള ഹൈക്കോടതി നിരവധി വിധികളിലൂടെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇന്ന് പ്രീഡിഗ്രി വേർപെടുത്തിയിരിക്കുന്ന പല കോളേജുകളുടേയും സമീപത്ത് അൺഎയ്ഡഡ് സ്കൂളുകൾ മാത്രമേയുള്ളൂ. ആ കോളേജുകളിൽനിന്നും പ്രീഡിഗ്രി വേർപ്പെടുത്തുമ്പോൾ എന്തുകൊണ്ട് അൺഎയ്ഡഡ് സ്കൂളുകളെ മാറ്റി നിർത്താൻ ഗവൺമെന്റ് തീരുമാനം കൈക്കൊള്ളുന്നു? എന്തിനാണ് ഈ നോട്ടിഫിക്കേഷൻ ഗവൺമെന്റ് ഇറക്കിയത്? ഞങ്ങളൊക്കെ മനസ്സിലാക്കുന്നത് ഒരു നോട്ടിഫിക്കേഷൻ ഗവൺമെന്റ് ഇറക്കിയാൽ, അത് ഗവൺമെന്റ് കൂടിയാലോചിച്ച് ഇറക്കുന്ന നോട്ടിഫിക്കേഷനാണെന്നാണ്. 17.2.2000-ന് ഒരു നോട്ടിഫിക്കേഷൻ ഇറക്കി, കുറേ ദിവസങ്ങൾ കഴിഞ്ഞ് അപേക്ഷകളൊക്കെ സ്വീകരിച്ചു കഴിഞ്ഞപ്പോൾ അത് കൊടുക്കേണ്ടതില്ലെന്ന് ഇടതുപക്ഷ മുന്നണിയുടെ ഏകോപനസമിതി കൺവീനറുടെ പ്രസ്താവന വന്നാൽ ആരാണ് ഗവൺമെന്റിനേക്കാൾ മുകളിലായി ഉള്ളത്? അങ്ങനെ വന്നാൽ ഗവൺമെന്റ് ഇറക്കിയിരിക്കുന്ന ആ നോട്ടിഫിക്കേഷന് എന്താണ് വിലയുള്ളത്? നമ്മുടെ സംസ്ഥാനത്തെ അൺഎയിഡഡ് സ്കൂളുകളോടുള്ള അങ്ങയുടെ സമീപനമെന്താണ്? കെ.ഇ.ആർ. അനുസരിച്ച് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള അങ്ങയുടെ സമീപനമെന്താണ്? ഗവൺമെന്റിന്റെ സമീപനമെന്താണെന്ന് ഞങ്ങൾക്ക് അറിയാൻ താല്പര്യമുണ്ട്. പത്താംക്ലാസ് പരീക്ഷ മറ്റെന്നാൾ ആരംഭിക്കുകയാണ്. ഏപ്രിൽ മാസം ആകുമ്പോഴേയ്ക്കും രക്ഷകർത്താക്കൾ ഭീതിയുടെ നിഴലിലാണ്. പത്താംക്ലാസ് പാസ്സാകുന്ന കുട്ടികളെ എവിടെച്ചേർക്കും? പ്രീഡിഗ്രി ഡീലിങ്ക് ചെയ്യാൻ തീരുമാനമെടുത്തിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ കുട്ടികൾക്ക് പഠിക്കുവാൻ ഇവിടെ പ്ലസ്ടു കോഴ്സുകൾ തുടങ്ങുവാൻ ഗവൺമെന്റ് തയ്യാറല്ല. സാമ്പത്തികമായി നമ്മുടെ സംസ്ഥാനം തകർന്നു നിൽക്കുന്നു. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് 17.2.2000-ൽ ഇറക്കിയ നോട്ടിഫിക്കേഷൻ അനുസരിച്ച് അപേക്ഷ സമർപ്പിക്കുവാൻ അവസാന തീയതിവച്ചിരിക്കുന്ന ഇന്നേദിവസം കിട്ടിയിരിക്കുന്ന മുഴുവൻ അപേക്ഷകളും പരിഗണിച്ച് സംസ്ഥാനത്തെ അൺഎയിഡഡ് സ്കൂളുകളിൽ പ്ലസ്ടു

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സുകൾ തുടങ്ങാനുള്ള അനുമതി നൽകി ഈ സംസ്ഥാനത്തെ വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും വിദ്യാഭ്യാസ മേഖലയേയും സംരക്ഷിക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് തയ്യാറാകണം എന്നാണ്. ദേശീയ വിദ്യാഭ്യാസ നയത്തോടുള്ള ഈ ഗവൺമെന്റിന്റെ സമീപനമെന്താണെന്നു കൂടി വ്യക്തമാക്കണെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, All India Council of Secondary Education - 1993-ൽ നടത്തിയ റെക്കമന്റേഷനാണ് പ്രീഡിഗ്രി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണമെന്നുള്ളത്. The Kothari National Education Commission during 1964-65 recommended to adopt a uniform pattern of 10+2+3 school and college classes in all parts of the country. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഒരു നിയമംതന്നെ ഈ നിയമസഭയിൽ പാസ്സാക്കി നടപ്പാക്കുന്നത്. ഈ വർഷത്തോടുകൂടി അത് പൂർത്തിയാവുകയാണ്. ഇതുവരെ ഒരു ആശങ്കയും ഒരിടത്തുമില്ല. പഠിക്കാനാഗ്രഹിക്കുന്ന കുട്ടികൾക്ക് പഠിക്കാൻ പരമാവധി സഹായം ഈ ഗവൺമെന്റ് ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. 84,650 സീറ്റ് ഇപ്പോൾ പ്ലസ് ടു കോഴ്സുകളിലുണ്ട്. കോളേജുകളിൽ ഇനി 60,000 സീറ്റുകൾ മാത്രമാണ് നിലവിലുള്ളത്. അടുത്ത വർഷം ഫസ്റ്റ് ഇയർ പ്രീഡിഗ്രിക്ക് കോളേജുകളിൽ അഡ്മിഷൻ ഉണ്ടായിരിക്കുകയില്ല. ഇത്രയും കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ഗവൺമെന്റ് ഉണ്ടാക്കാൻ തീരുമാനിച്ചിരിക്കുന്നു. ബഹുമാപ്പെട്ട ജോണി നെല്ലൂർ എല്ലാ സമുദായങ്ങൾക്കും പരാതി ഉണ്ടെന്നുപറഞ്ഞു. ഇവിടെ രണ്ടേമുക്കാൽ ലക്ഷത്തോളം കുട്ടികൾ പത്താംക്ലാസ് പാസ്സാകുന്നു. അതിൽ ഒന്നരലക്ഷത്തോളം കുട്ടികളാണ് പ്ലസ് ടുവിനും പ്രീഡിഗ്രിക്കും പഠിക്കുന്നത്. ബാക്കിയുള്ള കുട്ടികൾ മറ്റ് കോഴ്സുകൾക്കാണ് പോകുന്നത്. ഐ.ടി.സി.ക്കു പോകുന്നു, പോളിടെക്നിക്കിൽ പോകുന്നു, കുറേ കുട്ടികൾ പാരാമെഡിക്കൽ കോഴ്സിന് പോകുന്നു. ഒരുവിധം പഠിക്കാനാഗ്രഹിക്കുന്ന, 300 മാർക്കിൽ കൂടുതലുള്ള കുട്ടികൾക്കൊക്കെ ഇപ്പോൾ അഡ്മിഷൻ കിട്ടുന്നുണ്ട്. ഇവിടെ സമുദായം തിരിച്ചുള്ള കണക്ക് അധികം പറയണ്ട എന്നാണ്. പക്ഷേ അതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ നടക്കുന്നു എന്നുള്ളതുകൊണ്ട് അക്കാര്യം വ്യക്തമാക്കാം. നിലവിലുള്ള കോളേജുകളിൽനിന്നും നിലവിലുള്ള സ്കൂളുകളിലേക്കാണ് ഈ കോഴ്സുകൾ മാറ്റുന്നത്. ആകെ 166 കോളേജുകൾ ഉള്ളതിൽ 130 എണ്ണം പ്രൈവറ്റ് കോളേജുകളാണ്. അതിൽ 69 എണ്ണം ക്രിസ്ത്യൻ മാനേജുമെന്റിന്റെ കീഴിലും 14 എണ്ണം മുസ്ലീം മാനേജുമെന്റിന്റെ കീഴിലും 14 എണ്ണം ഈഴവ മാനേജുമെന്റിന്റെ കീഴിലും 14 എണ്ണം എൻ.എസ്.എസ്. മാനേജുമെന്റിന്റെ കീഴിലുമാണ്. മുസ്ലീം, ഈഴവ, എൻ.എസ്.എസ്. എന്നിവയ്ക്ക് 14 എണ്ണം വീതമാണുള്ളത്. ബാക്കി 19 എണ്ണം മറ്റ് ട്രസ്റ്റുകളുടെ കീഴിലാണ്. അതുപോലെ ആകെ 2592 ഹൈസ്കൂളുകളാണുള്ളത്. അതിൽ 976 ഗവൺമെന്റ് ഹൈസ്കൂളുകളും 1616 പ്രൈവറ്റ് എയിഡഡ് ഹൈസ്കൂളുകളുമാണ്. ഈ സ്കൂളുകളിൽ പ്ലസ് ടു അനുവദിച്ചപ്പോൾ ചില സമുദായങ്ങൾക്ക് കൂടുതൽ സ്കൂളുകൾ അനുവദിച്ചു എന്നാണ് പരാതി. 700-ൽപ്പരം എയ്ഡഡ് സ്കൂളുകൾ ക്രിസ്ത്യൻ മാനേജുമെന്റുകൾക്കുണ്ട്. അതിൽ ആകെ പ്ലസ് ടു അനുവദിച്ചിരിക്കുന്നത് 110 സ്കൂളുകൾക്കാണ്. ഈഴവ മാനേജുമെന്റിന് ആകെ 100 സ്കൂളുകളുള്ളതിൽ 40 സ്ഥലത്ത് പ്ലസ് ടു അനുവദിച്ചിരിക്കുന്നു (40 ശതമാനം). ക്രിസ്ത്യൻ മാനേജുമെന്റിന് അനുവദിച്ചത് 15 ശതമാനമാണ്. 44 സ്കൂളുകൾ ഇപ്പോൾ മുസ്ലീം മാനേജുമെന്റിന്റെ കീഴിലുണ്ട്. ഒരു പ്രത്യേക സമുദായത്തിനും പ്രത്യേക ആനുകൂല്യം ചെയ്തിട്ടുണ്ടെന്ന് ആർക്കും പറയാൻ കഴിയില്ല. ഇവിടെ കോളേജുകളിൽ നിന്നും പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുമ്പോൾ അതിനനുസരിച്ച് കൊടുക്കണമെന്നാണ് പറയുന്നത്. അപ്പോൾ 69 കോളേജുകളുള്ള ക്രിസ്ത്യൻ മാനേജുമെന്റിന് എത്ര ശതമാനമാണ് കൊടുക്കേണ്ടിവരുന്നത്? മാനദണ്ഡം അങ്ങനെ ആയിരിക്കാൻ പാടുണ്ടോ? കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ എല്ലാ ഭാഗത്തുമുള്ള കുട്ടികൾക്ക് പഠിക്കാൻ അവസരമുണ്ടാകണം. ശതമാനം വച്ച് നോക്കിയാൽ ഇപ്പോൾ പ്ലസ് ടു അനുവദിച്ചിരിക്കുന്നതിൽ ഒരു പരാതിയുമില്ല. ഓരോ സമുദായത്തിനും കൊടുക്കേണ്ടതിന്റെ കണക്ക് ഇവിടെയുണ്ട്. സമുദായംതിരിച്ച് ഓരോന്നിനേയും വിലയിരുത്തിയിട്ടുണ്ട്. പക്ഷേ ആ കണക്കിന്റെ അടിസ്ഥാനത്തിലല്ല മുന്നോട്ടു പോകേണ്ടത്. സൊസൈറ്റി, പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയവയ്ക്ക് ഏഴ് സ്കൂളുകളുണ്ട്. അങ്ങനെയുള്ള ഒരു പശ്ചാത്തലത്തിൽ ഇപ്പോൾ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അത് കോളേജിന്റെ ഫീഡിംഗ് ഏരിയയിൽ വേണം. അവികസിത പ്രദേശങ്ങളിൽ വേണം, അതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ആ അപേക്ഷകൾ ഓരോന്നും പരിശോധിച്ച് സൗകര്യങ്ങളുള്ളിടത്ത്, ആവശ്യമുള്ളിടത്ത് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യത്തിന് പ്ലസ്ടു സ്കൂളുകൾ അനുവദിക്കും. ഓരോ അപേക്ഷയും പരിശോധിച്ചാണ് കൊടുക്കുന്നത്. ഓരോ അപേക്ഷയും പരിശോധിച്ച് അതിൽ സൗകര്യങ്ങളുള്ള ഏറ്റവും നല്ല സ്കൂളുകൾക്ക് പ്ലസ് ടു കൊടുക്കും.

ശ്രീ. ജോണി നെല്ലൂർ : സർ, 17.2.2000-ന് ഇറങ്ങിയ 299-ാം നമ്പർ നോട്ടിഫിക്കേഷൻ അനുസരിച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്ന അൺഎയിഡഡ് സ്കൂളുകൾക്ക് പ്ലസ് ടു കോഴ്സുകൾ തുടങ്ങാൻ ഗവൺമെന്റ് അനുവാദം നൽകുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഈ അപേക്ഷ ഓരോന്നും പരിശോധിച്ച് അർഹതയുള്ള, സൗകര്യങ്ങളുള്ള സ്കൂളുകൾക്ക് കൊടുക്കും..... ബഹളം.....

IV. റിപ്പോർട്ട് സമർപ്പണം

2000- ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. നിയമനിർമ്മാണകാര്യം

2000- ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, 2000-ത്തിലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly